51

# ഒരിക്കലും ഉണ്ടായിട്ടില്ലാത്തതും ഉണ്ടാകുവാനിടയില്ലാത്തതുമായ യുദ്ധം

## (വെളിപ്പാട് 16:13, 14, 16- 21)

തോക്കുകളിൽനിന്നും ടാങ്കുകളിൽനിന്നും മിസൈലുകളിൽനിന്നും മൃത ശരീരങ്ങളിൽനിന്നുയർന്ന മരണത്തിന്റേയും സ്ഫോടകവസ്തുക്കളുടേയും ഗന്ധം വായുവിൽ നിറയുന്നതാണ് പോരാട്ടവും എതിരാക്രമണവും – ആദ്യം ഒരുവശത്തുള്ളവർ ജയിക്കും, പിന്നെ എതിർവശത്തുള്ളവർ. അത്തരം പല യുദ്ധങ്ങളും ചേർന്നതാണ് "അർമ്മഗദോൻ യുദ്ധം." അമിതമായ സങ്കൽപം നടത്തുന്നു എന്ന ആരോപണത്തിന് ഞാൻ വിധേയനായിട്ടുണ്ട്. പക്ഷെ ആ "യുദ്ധത്തെ" വിവരിച്ചിരിക്കുന്നതിനെ താരതമ്യം ചെയ്യുവാൻ എനിക്ക് ഒരു ഊഹവുമില്ല എന്നു സമ്മതിക്കുന്നു.

"അർമ്മഗദോൻ യുദ്ധം" എന്ന ആശയത്തെ പ്രചാരത്തിലാക്കി നിരവധി ഹൃദയങ്ങളെ പിടിയിലാക്കിയിരിക്കുന്നു എന്നത് ഞാൻ വിശ്വസിക്കുന്നത് ഇപ്പോൾ പറയുമ്പോൾ ഖേദത്തോടെയാണ് പങ്ക് വെക്കുന്നത് – പക്ഷേ അങ്ങനെ *ഒരു അർമ്മഗദോൻ യുദ്ധം ഇല്ല* എന്ന് പറയണം. പൊതുവിൽ നിലവിലുള്ള വാക്ക് "യുദ്ധം" നിർവ്വചിക്കുകയാണെങ്കിൽ, അക്ഷരികമായ അർമ്മഗദോൻ യുദ്ധമില്ല. വെളിപ്പാട് 16-ൽ കാണുന്ന യുദ്ധത്തിൽ പോലും, അർമ്മഗദോൻ യുദ്ധം സംഭവിച്ചിട്ടില്ല. അത് കുറച്ചുകാണുന്നതായി തോന്നി യേക്കാം, പക്ഷെ വിശ്വസിക്കുക. എന്റെ പ്രസ്താവന ഞാൻ തെളിയിക്കണം. കർത്താവ് *വാസ്തവത്തി*ൽ 16:13–16–ൽ പഠിപ്പിക്കുന്നതിനെ ഞാൻ വിശദമാ ക്കേണ്ടതുണ്ട്. ("നല്ലവരും" "മോശമായവരുമായി" ആഗോളയുദ്ധം നടക്കു വാൻ പോകുന്നതിന് മുൻപ് അവന് പ്രധാനപ്പെട്ട ഒരു കാര്യം പറയുവാനുണ്ട്.)

മൂന്നു പ്രാവശ്യം പരിഗണിക്കത്തക്കവണ്ണം യുദ്ധം എന്ന വാക്ക് വെളിപ്പാട് പുസ്തകത്തിൽ പറയുന്നു 16:14 ലും; 19:19 ലം; 20:8 ലും.[1] ആ വേദഭാഗത്ത് ഇംഗ്ലീഷിൽ വിവിധ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്, എന്നാൽ ഗ്രീക്കിൽ, മൂന്നു വാക്യങ്ങളിലും ഒരേ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്: *ടോൺ പോൾമോൻ* എന്നാണ് അത്, അക്ഷരിക അർത്ഥം, "ആക്രമണം" (അല്ലെങ്കിൽ "യുദ്ധം" എന്നാണ്).[2] ഡെഫനിറ്റ് ആർട്ടിക്കിൾ[3] ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം, ഒരു യുദ്ധത്തെ – മൂന്നു ദിശയിൽ നോക്കി കാണുകയാണ്. ആ മൂന്നു വേദ ഭാഗഗങ്ങളെയും ചിത്രീകരിക്കുന്ന മൂന്നു ചിത്രങ്ങൾ വരയ്ക്കുവാൻ ഞാൻ ബ്രയൻ വാറ്റ്സ് എന്ന സഹോദരനോട് പറഞ്ഞു. പിന്നെ ആ പ്രത്യേക ദർശ നത്തിലെ ഓരോന്നും വിശദമായി പഠിക്കുന്നതിന് ആവശ്യമുള്ളതെല്ലാം വര യ്ക്കുവാൻ ആവശ്യപ്പെട്ടു. (ഈ പുസ്തകത്തിൽ കാണുന്ന "യുദ്ധത്തിലെ" ഒന്നാമത്തെ വിവരണങ്ങളും "രണാമത്തെ വിവരണങ്ങളും," "യുദ്ധത്തിലെ"

മൂന്നാമത്തെ വിവരണങ്ങളും "ഏഴാമത്തെ കലശം,"[4] എന്ന ചിത്രീകരണവും താരതമ്യം ചെയ്യുക.) ഇത് കലാപ്രകടനത്തിന്റെ ശരിയായ സമിപനം ആയിരിക്കയില്ല, എന്നാൽ ഒരേ *ഒരു* "യുദ്ധമാണ്" വെളിപ്പാട് സംസാരിക്കുന്നത് എന്ന സത്യം ബോധ്യമാക്കുവാൻ ഇതു സഹായിക്കുമെന്നാണ് ഞാൻ കരുതുന്നത്.

"യുദ്ധത്തിന്റെ" മുഴുവൻ വിവരണങ്ങളും അദ്ധ്യായം 19-ൽ കാണാം. അതുകൊണ്ട് അത് വിശദമായി ചർച്ച ചെയ്യുവാൻ ആ അദ്ധ്യായം വരുന്നതു വരെ കാത്തിരിക്കുക. എങ്ങനെയായാലും, മനുഷ്യർ "അർമ്മഗദോൻ" എന്ന വാക്ക് "യുദ്ധത്തോട്" കൂട്ടിച്ചേർത്തിരിക്കയാൽ (ലോകം ഉള്ളേടത്തോളം അതിനെ "അർമ്മഗദോൻ യുദ്ധം" എന്നു തന്നെ അറിയപ്പെടുവാനാണ് സാധ്യത) നമ്മുടെ പഠനത്തിൽ അതിനെ കുറിച്ചു പറയുവാൻ അല്പസമയം നമുക്ക് ചെലവിടാം.

നാം 16:13-16-ൽ കൂടെ സഞ്ചരിക്കുമ്പോൾ നിങ്ങൾ എന്നോടു കൂടെ ഉണ്ടാകുമല്ലൊ. നാം ക്രമേണ "മെഗിദോ പർവ്വതത്തിന്റെ ശിഖരത്തിലെത്തും": അർമ്മഗദോൻ.

### അസമർത്ഥരായ പങ്കാളികൾ (16:13, 14)

നാടകത്തിലെ മുഖ്യ നടന്മാരെ[5] പരിചയപ്പെടുത്തിക്കൊണ്ടാണ്, അറിയപ്പെ-ടുന്ന "അർമ്മഗദോൻ യുദ്ധം" ആരംഭിക്കുന്നത്. "മഹാസർപ്പത്തിന്റെ വായിൽനിന്നും[6] മൃഗത്തിന്റെ വായിൽനിന്നും[7] കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെ പോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടുന്നത് ഞാൻ കണ്ടു" (വാ. 13). (ഈ പാഠത്തിന്റെ അവസാനം വരുന്ന "തവളയെപോലെയുള്ള മൂന്ന് അശുദ്ധാത്മാക്കൾ" എന്ന ചിത്രീകരണം നോക്കുക.)

യോഹന്നാൻ മഹാ സർപ്പത്തെയും (12:3, 4), മൃഗത്തെയും (13:1, 2), കള്ളപ്രവാചകനെയും ഒരുമിച്ചു കണ്ടു; ഇത് ആദ്യമായാണ് "കള്ളപ്രവാചകൻ" എന്ന വാക്ക് പുസ്തകത്തിൽ വരുന്നത്, എന്നാൽ മുൻപ് ശ്രദ്ധിച്ചതു പോലെ, ഇത് 13:11 ലെ കരജന്തുവാണ്. 13:12-17 ലെ മൃഗത്തിന്റെ പ്രവൃത്തിയും 19:20-ൽ വിവരിച്ചിരിക്കുന്ന കള്ളപ്രവാചകന്റെ പ്രവൃത്തിയും തമ്മിൽ താരതമ്യം ചെയ്യുക: "കള്ളപ്രവാചകൻ [മൃഗത്തിന്റെ] മുമ്പിൽ അത്ഭുതം ചെയ്തു, അങ്ങനെ അവൻ മൃഗത്തിന്റെ മുദ്ര ലഭിച്ചവരേയും മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിച്ചവരെയും വഞ്ചിച്ചു."

അപ്പൊസ്തലൻ ശ്രദ്ധിച്ചപ്പോൾ, "തവളയെപോലെയുള്ള മൂന്ന് അശുദ്ധാത്മാക്കൾ" വായ് തുറക്കുന്നതു കണ്ടു. വാക്യം 14-ൽ ആ "അശുദ്ധാത്മാക്കളെ" "ഭൂതങ്ങളുടെ ആത്മാക്കൾ" എന്നാണ് വിളിച്ചത് അവ തീർച്ചയായും സൗഹൃദ സൃഷ്ടികളായിരുന്നില്ല. യേശു ഭൂതത്തെ പുറത്താക്കിയതുപോലെയുള്ള ഭൂതങ്ങളുടെ പ്രവൃത്തിയെയാണ് സുവിശേഷവിവരണങ്ങളിൽ "അശുദ്ധാത്മാവ്" എന്ന വാക്ക് സൂചിപ്പിക്കുന്നത് (മർക്കൊസ് 9:25; ലൂക്കൊസ് 9:42).

എന്തുകൊണ്ടാണ് അശുദ്ധാത്മാക്കളെ തവളയെപോലെ എന്ന് വിവരിച്ചിരിക്കുന്നത്?[8] ചില വ്യാഖ്യാതാക്കൾ "അശുദ്ധാത്മാവ്" എന്ന വാക്ക് ഊന്നി പറയുന്നു: മോശെയുടെ ന്യായപ്രമാണമനുസരിച്ച് യിസ്രായേൽ ജനം തവള അശുദ്ധ ജീവിയാകയാൽ അതിന്റെ മാംസം ഭക്ഷിച്ചുകൂടായിരുന്നു (ലേവ്യാപുസ്തകം 11:1-12).[9] വെളിപ്പാട് 16-ൽ പുറപ്പാട് ഭാഷ ഉപയോഗിച്ചിരിക്കുന്നതുകൊണ്ട്, മിസ്രയിമിൽ അയച്ച ബാധയുമായി ബന്ധപ്പെടുത്തി മറ്റു ചില എഴുത്തുകാർ പറയുന്നു (പുറപ്പാട് 8:1-15). അതിനു സാധ്യതയുണ്ട്

(ആയിരിക്കാം), മിസ്രയിമിലെ തവള മുഖ്യ ശല്യമായിരുന്നു എങ്കിൽ വെളിപ്പാടിലെ തവളകൾ മാരകമായ ഉദ്ദേശമുള്ളവയായിരുന്നു.[10]

തവളയുടെ ഭാവന പരിശുദ്ധാത്മാവ് നൽകിയതിൽ അതിനുപുറമെ എന്തെങ്കിലും അന്തർലീനമായിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു: വിരൂപവും നികൃഷ്ടവുമായ ജീവികളിൽ പെടുന്നതാണ് തവള, എന്നാൽ അവ യഥാർത്ഥത്തിൽ ഭൗതികമായ പോയിന്റ് മാത്രമാണോ?[11] കേണൽ കെർമിറ്റിന്റെയോ,[12] ജെനെറൽ ഗ്രീനിന്റെയോ കാപ്റ്റൻ ക്രോക്കിന്റെയോ നേതൃത്വത്തിലുള്ള ഭടന്മാർക്ക് തവളക്കറി വിളമ്പിയാലെങ്ങനെയിരിക്കും?

തവളയെ ഇഷ്ടമുള്ളവരോട് ഞാൻ മുൻകൂട്ടി ക്ഷമ ചോദിക്കട്ടെ, എന്നാൽ എനിക്ക് അറിയാവുന്നേടത്തോളം തവളയെ പോലെ മറ്റു ചില ജീവികളും വിലയില്ലാത്തവയാണ്.[13] തവള തവളയെ ജനിപ്പിക്കുന്നതല്ലാതെ മറ്റെന്തെങ്കിലും നേട്ടം അവയ്ക്കുണ്ടോ? അവയുടെ സൈനിക കരുത്തിനെ കുറിച്ച്, ഈർപ്പമുള്ളതും വികർഷണ സ്വഭാവവുമുള്ള തവളയെ എനിക്ക് *ഇഷ്ട*മല്ല, പക്ഷെ എനിക്ക് അവയെ *പേടി*യില്ല.

മൂന്ന് അശുദ്ധാത്മാക്കളെ വരക്കുവൻ ബ്രയൻ തയ്യാറായപ്പോൾ, ഭൂരാജാക്കന്മാരെ തിരഞ്ഞെടുക്കുവാൻ, കയ്യിൽ ആയുധവുമായി ഒരുങ്ങിയിരിക്കുന്ന – വിലകുറഞ്ഞ – വിരൂപമായ തവളയെ ചിത്രമാക്കുവാനാണ് ഞാൻ പറഞ്ഞത്. അദ്ദേഹം അവയെ വിരൂപമായി, വിലകുറഞ്ഞതായി വരച്ചു, അവ അപ്പോഴും പരിഹാസ്യമായി തന്നെയിരിക്കുന്നു, അല്ലേ?

മഹാസർപ്പവും കൂട്ടരും ആലോചിച്ച യുദ്ധത്തിന് വേണ്ട സൈന്യത്തെ തിരഞ്ഞെടുക്കുവാൻ അഭക്തിയുടെ ത്രിമൂർത്തികളായ തവളകളെ ഏർപ്പെടുത്തിയത് ഏറ്റവും നന്നായി എന്നായിരുന്നു ആദ്യത്തെ സൂചന നൽകുന്നത്.

### നിഷ്ഫലമായ പദ്ധതി (16:14)

ഒരു മൂകമായ യുദ്ധപദ്ധതിയുമായാണ് അവയുടെ സൈന്യം പാളയമടിക്കുന്നത് എന്നതാണ് രണ്ടാമത്തെ സൂചന. വാക്യം 14 തവളയെ വിവരിച്ച്, ആ പദ്ധതി പറയുന്നുണ്ട്, “അവ അത്ഭുതങ്ങൾ ചെയ്യുന്ന ഭൂതാത്മാക്കൾ [14]തന്നെ” (16:14). “അത്ഭുതങ്ങൾ” ഒരേ രീതിയിലുള്ള “വ്യാജമായ അത്ഭുതങ്ങൾ” ആയിരിക്കും (2 തെസലൊനിക്യർ 2:9; എൻഐവി) നടത്തിയത് കള്ളപ്രവാചകനും.[15]

തവളയെപോലെയുള്ള “ആത്മാക്കൾ ഭൂമിയിലെ രാജാക്കന്മാരുടെ അടുക്കലേക്ക് പോയി” (വാ. 14).[16] തവള ചാടിച്ചാടി പോകുന്നത് എനിക്ക് ഊഹിക്കുവാൻ കഴിയും, അവ കൗശലത്തോടെ ചെന്ന് അവരെ [ശ്രദ്ധിച്ചതായ] രാജാക്കന്മാരോട് “തങ്ങളുടെ യജമാന്മാരുടെ മാഹാത്മ്യത്തെ ഉയർത്തി പറയുവാൻ തുടങ്ങി.”[17] അവരുടെ പദ്ധതി “സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തെ [യുദ്ധത്തിനായി രാജാക്കന്മാരെയും] അവരുടെ ശത്രുക്കളെയും ഒന്നിച്ചു ചേർക്കുകയായിരുന്നു” (16:14). “സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസം” എന്നത് അടിവരയിടുക. ലിയോൺ മോറിസ് എഴുതി,

> അവസാന ദിവസത്തെ കുറിച്ചുള്ള ഏറ്റവും ഉറപ്പിക്കുന്ന വിവരണമാണിത്, മറ്റു കുറഞ്ഞ ദിവസങ്ങളിൽനിന്നു *വേർതിരിച്ചറി*യാവുന്നതുമാണ്. അത് മനുഷ്യന്റേതല്ല, *ദൈവത്തിന്റെ* ദിവസമാണ് ... അത് ദൈവത്തിന്റെ ഉദ്ദേശവുമായി ബന്ധപ്പെട്ട നാളാണ്. *സർവ്വശക്തൻ* ഭൂമിയിലുള്ള എല്ലാവ

രേയും ഓർപ്പിക്കുന്നത് അവന്റെ ബലത്തെയാണ്.[18]

ജിം മെക്ഗ്വിഗിന്റെ അഭിപ്രായത്തിൽ, ആ ആത്മാക്കൾ അശുദ്ധർ മാത്ര മായിരുന്നില്ല, "ബുദ്ധിയിലും കുറഞ്ഞവരായിരുന്നു."[19] അവർ ചെയ്തതെല്ലാം ദൈവപദ്ധതിക്ക് യോജിക്കുന്നതായിരുന്നു. (അടുത്ത അദ്ധ്യായത്തിൽ നാം അത് കാണും, ഭൂമിയിലെ രാജാക്കന്മാരെ സംബന്ധിച്ച്, ദൈവം "തന്റെ ഹിതം അവരിൽകൂടെ നിറവേറ്റുവാൻ അവരെ ആക്കി" [17:17].)

ഭൂതങ്ങളുടെ യുദ്ധപദ്ധതികൾ ആരംഭം മുതൽ പാളിയിരുന്നു.[20] തവള കൾ ശബ്ദമുണ്ടാക്കുന്നതിനല്ലാതെ, മറ്റൊന്നിനും പ്രയോജനപ്പെടുകയില്ല. ഈ അവസരത്തിൽ അവർ ടണ്ണു കണക്കിന് ശബ്ദം പുറപ്പെടുവിച്ചുകാണും, പക്ഷെ അതിനു ഒരൗൺസ് പോലും ഫലം കിട്ടിയില്ല.

### ശരിയല്ലാത്ത സ്ഥലം (16:16)

അവസാനത്തേതും - ഏറ്റവും പ്രധാനപ്പെട്ടതുമായ - സൂചന എന്തെ ന്നാൽ, യുദ്ധം പാളിയതിനെ വാക്യം 16-ൽ പറയുന്നു: "അവ അവരെ എബ്രാ യഭാഷയിൽ ഹർ-മ്മഗദോൻ എന്ന സ്ഥലത്ത് കൂട്ടിച്ചേർത്തു" നാം അവസാനം അർമ്മഗദോനിലെത്തി.

ആ സ്ഥലത്തിന്റെ പേരിലെ ഉച്ചാരണത്തിൽ മാറ്റമുള്ളത് നിങ്ങൾ ശ്രദ്ധി ച്ചിരിക്കാം. ചില കയ്യെഴുത്തുപ്രതികളിൽ ആദ്യത്തെ അക്ഷരമായ "അ" ക്ക് മൃദുലമായ-ശ്വാസം-എടുക്കുന്ന ചിഹ്നം[21] (അത് ഉച്ചാരണത്തെ ബാധിക്കു ന്നില്ല) "അർമ്മഗദോൻ" എന്നും മറ്റു കയ്യെഴുത്തുപ്രതികളിൽ, അൽപം കടു പ്പിച്ച്-ശ്വാസം-എടുത്ത് ("ഹ" എന്നു പറഞ്ഞ്) "ഹർ-മ്മഗദോൻ" എന്നാക്കി യിരിക്കുന്നു.

"അർമ്മഗദോൻ" എന്ന വാക്കിന്റെ അർത്ഥത്തെ[22] കുറിച്ചും ചോദ്യ മുയർന്നിട്ടുണ്ട്. "അർമ്മഗദോൻ" (കടുപ്പം കൂടാതെയുള്ള ശ്വാസം) എന്ന വാക്കിന്, "മെഗിദോ പട്ടണം" എന്നടക്കം പലവിധ അർത്ഥങ്ങളുണ്ട്. മിക്ക പണ്ഡിതന്മാരും വിശ്വസിക്കുന്നത് "ഹർ-മ്മഗെദോൻ" ആണ് ശരിയായ ഉച്ചാരണം എന്നാണ്. *ഹർ* എന്ന എബ്രായ വാക്കിന്റെ അർത്ഥം, "പർവ്വതം" എന്നാകയാൽ, ആ വാക്കിന്റെ അർത്ഥം "മെഗെദോൻ പർവ്വതം" എന്നാണെന്ന് അവർ തീർച്ചപ്പെടുത്തി.

മെഗദോയെ കുറിച്ച് ചില അഭിപ്രായങ്ങൾ നൽകുന്നത് ഇത്തരുണത്തിൽ ഉചിതമായിരിക്കും. പഴയനിയമത്തിൽ പതിനൊന്നു പ്രാവശ്യം മെഗദോൻ[23] എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ഗലീലാ കടലിൽനിന്നും ഇരുപത്തി-അഞ്ചു മൈൽ അകലെ തെക്കുപടിഞ്ഞാറായും, യെരുശലേമിൽനിന്ന് അറുപതു മൈൽ വടക്കായും വടക്കൻ പാലസ്തീനിൽ സ്ഥിതി ചെയ്തിരുന്ന ഒരു പട്ടണമായിരുന്നു അത്. ഇരുപതു മൈൽ നീളവും പതിനാല് മൈൽ വീതി യുമുള്ള വലിയ ഒരു സമതല പ്രദേശം മെഗദോനിൽനിന്ന് നീണ്ടുകിടപ്പുണ്ടാ യിരുന്നു. ആ വിശാലമായ സമതലപ്രദേശത്ത് അറിയ-പ്പെടുന്ന യെസ്രീൽ താഴ്വരയടക്കം (യെസ്ദ്രെലോൺ) പല കാഴ്ച്ചകളുമടങ്ങിയിരുന്നു.

പല "പർവ്വതങ്ങൾക്കും സമതല പ്രദേശമായ ശാരോനും യെസരീലിനും കടന്നുപോകുവാനുള്ള സ്ഥലമായതുകൊണ്ട് മെഗദോക്ക് നയതന്ത്ര പ്രാ ധാന്യമുണ്ടായിരുന്നു."[24] ആ സമയത്ത് ആക്രമണകാരികളെ ഏറ്റുമുട്ടിയിരുന്നു. മെഗദോ സമതലത്തിനടുത്ത് വെച്ച് നിർണ്ണായകമായ പല യുദ്ധങ്ങളും നടന്നി

ട്ടുണ്ട്. ഒരു ചരിത്രകാരൻ എഴുതി, "ലോകത്തിലെ ഭൂതലങ്ങളിൽ വെച്ച് ഏറ്റവും അധികം രക്തം ചിന്തപ്പെട്ട പോരാട്ടങ്ങൾ നടന്ന സ്ഥലമായിരിക്കാം ഒരുപക്ഷെ ചെറിയ കുന്നുകളും സമതലപ്രദേശമായ യെസെദ്രോനുമടങ്ങിയ ... മെഗിദോ."[25] ഗിദെയോനും അവന്റെ മുന്നൂറുപേരും ചേർന്ന് മിദ്യാന്യരെ തോൽപിച്ച സ്ഥലമായിരുന്നു, അത് (ന്യായാധിപന്മാർ 7:1–22). ശൗൽ രാജാവ് ഫെലിസ്ത്യരോട് പരാജയപ്പെട്ടതും (1 ശമുവേൽ 31:1–6) യേഹുവിന്റെ അമ്പ് ഏറ്റു അഹസ്യാവ് രാജാവ് മരിച്ചതും അവിടെ വെച്ചായിരുന്നു (2 രാജാക്കന്മാർ 9:27).

മെഗിദോയിൽ വെച്ച് നടന്ന നിരവധി യുദ്ധങ്ങളിൽ രണ്ടെണ്ണം യെഹൂദന്മാർക്ക് പ്രധാനപ്പെട്ടതായിരുന്നു. അതിലൊന്ന്, കനാന്യ രാജാവായിരുന്ന യാബിനെതിരെ ബാരാക്കും ദെബോരയും നേടിയ വിജയമായിരുന്നു (ന്യായാധിപന്മാർ 4; 5), അത് "മെഗിദോയിലെ വെള്ളങ്ങൾക്കരികിൽ വെച്ചായിരുന്നു" (ന്യായാധിപന്മാർ 5:19). മറ്റൊന്ന്, ഫറവോനായിരുന്ന നെക്കോയോടുള്ളതായിരുന്നു, അതിൽ യോശിയാ രാജാവിന് മാരകമായ മുറിവേറ്റു (2 രാജാക്കന്മാർ 23:29, 30; 2ദിനവൃത്താന്തം 35:22–24). "യോശിയാവ് മെഗിദോ താഴ്വരയിൽ കിടന്നു നിലവിളിച്ചത് ദേശീയ ദുഃഖമായി ഉദ്ധരിച്ചതും അവിടെ നടന്ന അവസാനസംഭവങ്ങളും യെഹൂദമനസുകകളിൽ കത്തിജ്വലിച്ചു നിൽക്കുകയാണ് [സെഖര്യാവ് 12:11 ]."[26]

ഇപ്പോൾ നിങ്ങൾക്ക് മെഗിദോയെ കുറിച്ച് അൽപം പശ്ചാത്തലം കിട്ടിക്കാണുമല്ലോ, എന്നാൽ "മെഗിദോ *പർവ്വതമോ*"? ആൽബർട്ട് ബാൽഡിഞ്ചർ എഴുതി, "നിങ്ങളുടെ ഭൂപടത്തിൽ ... പുരാതന പാലസ്തീനും അർമ്മഗദോനും എവിടെ കിടക്കുന്നു എന്നറിയുവാൻ തിരയുക. എളുപ്പത്തിൽ കാണാൻ സാധ്യമല്ല, കാരണം അത് അവിടെയില്ല."[27] മെഗിദോ പർവ്വതം എന്ന ഒരു സ്ഥലം ഭൂഗോളത്തിലില്ലെന്ന് പണ്ഡിതന്മാർ പൊതുവിൽ സമ്മതിക്കും.

> ഭൂമിശാസ്ത്രപരമായി ബൈബിൾ "മെഗിദോയെ കുറിച്ചും അതിന്റെ മൂന്ന് ഉന്നതികളെ കുറിച്ചും പറയുന്നുണ്ട്" (യോശുവ 17:11). "മെഗിദോയും അതിലെ ടൗണുകളും" (ന്യായാധിപന്മാർ 1:27). "മെഗിദോയിലെ വെള്ളങ്ങൾ" (ന്യായാധിപന്മാർ 5:19), "മെഗിദോൻ താഴ്വരയും" (2 ദിനവൃത്താന്തം 35:22; സെഖര്യാവ് 12:11) എന്നാൽ മെഗിദോ പർവ്വതത്തെ[28] കുറിച്ച് ഒന്നും പറയുന്നില്ല.

ഇത് വ്യാഖ്യാതാക്കളെ കുഴപ്പിക്കുന്നു:

> മെഗിദോ എന്നത് പർവ്വതമല്ല, മറിച്ച് ഗലീലാ കടലിനും മദ്ധ്യധരണ്യാഴി കടലിന്റേയും ഇടക്കുള്ള[29] യിസേരീലിന്റെ (യിസെദ്രെലോൺ)[30] ഭാഗമായ സമതലപ്രദേശമാണ് എന്നതാണ് പ്രശ്നം.

> ... ഇവിടെ ഒരു ബുദ്ധിമുട്ട് അനുഭവപ്പെടുന്നു: മെഗിദോ പർവ്വതം എന്ന ഒന്നില്ല.[31]

> ...നിർഭാഗ്യവശാൽ "മെഗിദോ പർവ്വതം" എന്ന ഒന്നു കാണുന്നില്ല[32]

> ആ ചെറിയ ടൗൺ യെരുശലേമിലെ യെസെദ്രലോൺ സമതലത്തിലാ

ണ്, അതിൽ പർവ്വതങ്ങളൊന്നുമില്ല.[33]

മെഗിദ്ദോക്ക് അടുത്തും പർവ്വതമില്ല, ...[34]

ആ ബുദ്ധിമുട്ട് പരിഹരിക്കുവാൻ ആ പ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്ത് കാണുമെന്ന ധാരണയിൽ ചിലർ "മെഗിദ്ദോ പർവ്വതം" എന്നു കൂട്ടിച്ചേർത്തിരിക്കുന്നു. ഭൂമിശാസ്ത്രപരമായ ഒരു സ്ഥലമല്ല, ഒരു *ആശയമാണ്*[35] പരിശുദ്ധാത്മാവ് ചൂണ്ടിക്കാണിച്ചത് എന്ന് വിശ്വസിക്കുന്നതാണ് ലളിതമായ പരിഹാരം.

ആ ആശയം എന്തായിരിക്കാം? മെഗിദ്ദോൻ യുദ്ധത്തിന് പേര്-കേട്ട സ്ഥലമായിരുന്നു. പിശാചും അവന്റെ സംഘവും ആത്മിയ യുദ്ധത്തിനു തയ്യാറെടുക്കുന്നതുകൊണ്ട് മെഗിദ്ദോൻ പർവ്വതം എന്നു പറയുന്നതിൽ തെറ്റില്ല. കൂടാതെ മെഗിദ്ദോയിൽ നടന്ന നിരവധി യുദ്ധങ്ങൾ നിമിത്തം വീണ കണ്ണുനീരിനു അളവില്ലായിരുന്നു. സാത്താന്റെ മൽസരം ഹൃദയവേദനയുണ്ടാക്കും. ആപത്ത് ബോധ്യമാക്കുന്നതുകൊണ്ട് ഹർ-മ്മഗദോൻ എന്ന് പറയുന്നതിലും തെറ്റില്ല.

മുകളിൽ പറഞ്ഞതു സത്യമാകയാൽ, കൂടുതൽ ഉചിതവും - പ്രാധാന്യവുമുള്ള - ആശയം അതിൽ അടങ്ങിയിട്ടുണ്ടാകാം. മുൻപ് സൂചിപ്പിച്ച പഴയനിയമ യുദ്ധങ്ങളെ പരിഗണനക്കെടുക്കുക: *അവ ഓരോന്നിലും, ദൈവത്തിന്റെ അംഗീകാരത്തോടെ യുദ്ധത്തിനു പോയവർ ജയിക്കുകയും, ദൈവേഷ്ടമല്ലാതെ പോയവർ പരാജയപ്പെടുകയും ചെയ്തു*. പറഞ്ഞതായ മിക്ക ഉദാഹരണങ്ങളിലും അത് വാസ്തവമായിരുന്നു; എന്നാൽ യോശിയാവിന്റെ കാര്യത്തിൽ, പല രീതിയിലും അവൻ നല്ല ഒരു രാജാവായിരുന്നു. 2 ദിനവൃത്താന്തം 35:20–25 പ്രത്യേകം ശ്രദ്ധിക്കുക. തന്നെ യുദ്ധത്തിൽ ഉൾപ്പെടുത്തരുതെന്ന് ഫറവോൻ നെഖോ യോശിയാവിനോട് അപേക്ഷിച്ചു, "എങ്കിലും യോശിയാവ് വിട്ടുതിരിയാതെ അവനോട് യുദ്ധം ചെയ്യേണ്ടതിന്നു വേഷം മാറി *നെഖോ പറഞ്ഞ ദൈവവചനങ്ങളെ* കേൾക്കാതെ അവൻ *മെഗിദ്ദോ താഴ്വരയിൽ* യുദ്ധം ചെയ്‌വാൻ ചെന്നു" (2 ദിനവൃത്താന്തം 35:22; എംഫസിസ് മൈൻ). "മെഗിദ്ദോ താഴ്വരയിൽ യുദ്ധത്തിന്" പോയവരിൽ "ദൈവത്തിന്റെ വായിൽനിന്നുള്ള വാക്കുകൾ ... ശ്രദ്ധിക്കാതിരുന്നവർ" പരാജയപ്പെട്ടതായാണ് പറഞ്ഞിരിക്കുന്നത്. വെളിപ്പാട് 16:14, 16 ലെ യുദ്ധത്തിന്റെ ഗൂഢാലോചനയെ നമുക്ക് പ്രായോഗിത വരുത്താവുന്നതല്ലേ? (1) അവർ സർവ്വശക്തനോട് മൽസരിക്കുകയും (2) "എബ്രായഭാഷയിൽ ഹർ-മ്മഗദോൻ എന്ന സ്ഥലത്തെത്തുകയും ചെയ്തു." അത് അവരുടെ മൽസരം തോൽക്കുമെന്ന് ഉറപ്പാക്കിയിരുന്നു!

നാം കഴിഞ്ഞ പാഠത്തിൽ കണ്ടതുപോലെ, *വിജയിക്കുവാൻ സാധ്യമല്ലാത്ത* സ്ഥലത്തായിരുന്നു തവളകൾ തങ്ങളുടെ സൈന്യത്തെ കൂട്ടിച്ചേർത്തത് - അവിടെ അവർ ആരംഭം മുതൽ തോൽവി അടയുകയായിരുന്നു!

### ഒഴികഴിവില്ലാത്ത പിഴ (16:17-21)

അസമർത്ഥരായ പങ്കാളികളെ, നിഷ്ഫലമായ പദ്ധതികളുമായി, ശരിയല്ലാത്ത സ്ഥാനത്തേക്ക് നിർബ്ബന്ധിച്ചുകൊണ്ടുപോയപ്പോൾ, ഫലം പ്രവചിക്കാവുന്നതായിരുന്നു - ആപത്തും പരാജയവും:

> ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു, അപ്പോൾ "സംഭവിച്ചുതീർന്നു" എന്ന് ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസന

ത്തിൽനിന്നു വന്നു. മിന്നലും നാദവും ഇടിമുഴക്കവും വലിയ ഭൂകമ്പവും ഉണ്ടായി; ഭൂമിയിൽ മനുഷ്യർ ഉണ്ടായതുമുതൽ അത്ര വലിയ ഭൂകമ്പം ഉണ്ടായിട്ടില്ല ... സകല ദ്വീപും ഓടിപ്പോയി, മലകൾ കാൺമാനില്ലാതെയായി. താലന്തോളം ഘനമുള്ള കല്ലായി വലിയ കന്മഴ ആകാശത്തുനിന്നു മനുഷ്യരുടെമേൽ പേയ്തു; ... (16:17-21).

ബർട്ടൻ കോഫ്മാൻ എഴുതി, "ഇവിടെ ഒരു 'യുദ്ധത്തെ' കുറിച്ചും പറഞ്ഞിട്ടില്ല എന്നത് ശ്രദ്ധിക്കുക."[36] ജെയിംസ് എഫേർഡ് അതേ നിരീക്ഷണം തന്നെയാണ് നടത്തിയത്:

അർമ്മഗദോനെക്കുറിച്ച് പറയുമ്പോൾ കലശചക്രഗതിയിൽ അങ്ങനെ ഒരു യുദ്ധമേ നടന്നിട്ടില്ല എന്നതാണ് രസകരമായ വസ്തുത. അവർ യുദ്ധത്തിനായി ഒത്തുചേരുന്നു, പക്ഷെ ദൈവം ഇടക്ക് ഇടപെട്ട് (പ്രത്യേകമായ അപോകാലിപ്റ്റിക് രീതിയിൽ) ഒരു യുദ്ധം കൂടാതെ ദൈവജനത്തിന്റെ ശത്രുക്കളെ നശിപ്പിക്കുകയാണ് ചെയ്തത്.[37]

പദാനുപദ വിവർത്തകരുടെ നാടകീയാവിഷ്കരണത്തിനു വിരുദ്ധമായി, ഒരു മനുഷ്യസൈന്യവും യുദ്ധക്കളത്തിൽ നേരിട്ട് ഏറ്റുമുട്ടുകയോ, വെടിയുണ്ട ഉതിർക്കുകയോ ചെയ്തില്ല. മറിച്ച് ദുഷ്ടശക്തികൾ ഒന്നിച്ചുകൂടിയപ്പോൾ, ദൈവം കോപത്തോടെ ഇറങ്ങിവന്ന് ആലങ്കാരികമായി - ഇടിയും മിന്നലും, ഭൂകമ്പവും, കന്മഴയും അയച്ചു. അവരുടെ എല്ലാ പദ്ധതികളും തുടങ്ങുന്നതിനു മുൻപു തന്നെ പൊളിഞ്ഞു.

"യുദ്ധത്തിന്റെ" മറ്റു രണ്ട് വീക്ഷണഗതിയെയും പരിശോധിക്കുകയാണെങ്കിൽ, ഓരോ വിവരണത്തിലും ഇതേ നടപടിയാണുണ്ടായതെന്ന് കാണാം: അദ്ധ്യായം 19-ൽ യോഹന്നാൻ പറഞ്ഞു, "കുതിരപ്പുറത്തിരിക്കുന്നവനോടും [യേശു] അവന്റെ സൈന്യത്തോടും യുദ്ധം ചെയ്വാൻ [അക്ഷരികമായ യുദ്ധം] മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചുകൂടിയത് ഞാൻ കണ്ടു" (വാ. 19). എങ്ങനെയായാലും, യുദ്ധവിവരങ്ങൾ ഒന്നുമില്ല. "മൃഗത്തെ ഉപരോധിച്ച്" കള്ളപ്രവാചകനോടുകൂടെ രണ്ടുപേരെയും തീപ്പൊയ്കയിലേക്ക് തള്ളിയിട്ടു (വാ. 20), എന്നാൽ അവരുടെ അനുയായികൾ പക്ഷികളുടെ ഭക്ഷണമായിത്തീർന്നു (വാ. 21; കൂടാതെ വാ. 17, 18 നോക്കുക).

അദ്ധ്യായം 20-ൽ സാത്താൻ പോയി "ജാതികളുടെ ദേശങ്ങളെ വശീകരിച്ച് യുദ്ധത്തിനായി [പോരാട്ടം] കൂട്ടിച്ചേർക്കുവാൻ തുടങ്ങി" (വാ. 8). സാത്താന്റെ സൈന്യം വിശുദ്ധന്മമാരുടെ പാളയത്തെ വളഞ്ഞയുടനെ, "ആകാശത്തുനിന്നു തീ ഇറങ്ങി അവരെ നശിപ്പിച്ചുകളയും" (വാ. 9), "പിശാചിനെ ... ഗന്ധക തീപൊയ്കയിലേക്ക് തള്ളിയിടും" (വാ. 10). യുദ്ധം ഉണ്ടായില്ല.

അൽപ്പം സാഹസത്തോടെ വീണ്ടും ഉറപ്പിച്ചു പറയട്ടെ: "അർമ്മഗദോൻ യുദ്ധം എന്ന ഒന്നില്ല."[38]

ഹോമർ ഹെയ്ലി എഴുതി, "പാലസ്തീന്റെ വടക്കുഭാഗത്ത് ഭാവിയിൽ ഭൗതികമായ സൈന്യത്താലുള്ള മനുഷ്യർ തമ്മിലുള്ള യുദ്ധത്തിനായി നോക്കിയിരിക്കുന്നത് തിരുവെഴുത്ത് പിന്താങ്ങലില്ലാത്തതും ആത്മാവിന് അന്യവും വെളിപ്പാടിന്റെ ഉദ്ദേശത്തിനപ്പുറവുമാകുന്നു."[39] കോഫ്മോൻ യോജിച്ചു: "പറഞ്ഞു, 'അർമ്മ-ഗദോൻ യുദ്ധം' എന്നറിയപ്പെടുന്ന ഭൂമിയിലെ ഒരു യുദ്ധക്ക

ളത്തിൽ അസാധാരണ-പോരാട്ടമെന്ന ആശയം മുഴുവൻ ... യുക്തിരഹിതവും മനസിലാക്കാ-നാവാത്തതും, ക്രിസ്തുവിന്റെ മൊത്തം ഉപദേശത്തിനും എതിരായതുമാണ്."[40] റേ സമ്മേഴ്സ് കൂട്ടിച്ചേർത്തു, "ഒരാൾ ഇത് അക്ഷരികമായ, ഭൗതിക യുദ്ധമാണെന്ന് കരുതിയാൽ, സൈന്യത്തെ നയിക്കുന്നത് മൂന്നു തവളകളടങ്ങുന്ന കമ്മിറ്റി ആണെന്നും വിചാരിക്കേണ്ടി വരും."[41]

റബൽ ഷെല്ലി ചോദിച്ചു, "പത്തൊമ്പതോ, ഇരുപതോ നൂറ്റാണ്ടിനു ശേഷം നടക്കുവാനിരിക്കുന്ന ഒരു പൊള്ളയായ യുദ്ധവാർത്ത ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് എന്ത് ആശ്വാസവും, ഉത്തേജനവും, ഉറപ്പുമാണ് ലഭിക്കുന്നത്?"[42] "ഒന്നുമില്ല" എന്നതാണ് തീർച്ചയുള്ള ഉത്തരം. *തങ്ങളുടെ* ശത്രുക്കളെ കർത്താവ് തോൽപിക്കുമെന്ന് യോഹന്നാന്റെ വായനക്കാർ അറിയണമായിരുന്നു - *ആ* ഒരു ഉറപ്പാണ് വെളിപ്പാട് 16 അവർക്ക് നൽകിയത്.[43]

## ഉപസംഹാരം

നിങ്ങൾ ഒരു വിശ്വസ്ത ക്രിസ്ത്യാനി ആണെങ്കിൽ, "അർമ്മഗദോൻ യുദ്ധം" എന്നറിയ-പ്പെടുന്ന ഒന്നിനെ കുറിച്ച് നിങ്ങൾ വിചാരപ്പെടേണ്ട കാര്യമില്ല. അത് കർത്താവ് നോക്കിക്കൊള്ളും.

നേരെ മറിച്ച്, വിചാരപ്പെടേണ്ട ഒരു പോരാട്ടമുള്ളത്, "വാഴ്ച്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ" (എഫെസ്യർ 6:12).[44] ഒരു യുദ്ധമുണ്ട്, "അത് തോക്കിന്റെയോ, ഷെല്ലിന്റെയോ അല്ല, ആത്മാവിന്റേയും ദേഹിയുടേയുമാണ്."[45] "മനുഷ്യഹൃദയമാകുന്ന യുദ്ധക്കളത്തിലെ പോരാട്ടമാണ് അത്."[46] (റോമർ 7:21 നോക്കുക.) നാം ആരെ സേവിക്കുമെന്ന് തിരഞ്ഞെടുക്കുന്ന ഓരോ ദിവസത്തെയും പോരാട്ടമാണത് (യോശുവ 24:15). എങ്ങനെയായാലും, അത്, നമ്മുടെ വശത്ത് ദൈവമുണ്ടെങ്കിൽ വിജയിക്കുന്ന യുദ്ധമാണ് എന്നു ഉറപ്പിക്കാം.[47] "നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ജയം നൽകുന്ന ദൈവത്തിന്ന് സ്തോത്രം" (1 കൊരിന്ത്യർ 15:57)!

---

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

ഈ പാഠത്തിന് പറ്റിയ വേറൊരു തലവാചകം "യുദ്ധ-മല്ലാത്ത അർമ്മഗദോൻ" അല്ലെങ്കിൽ "അർമ്മഗദോൻ!" കുടുതൽ വ്യക്തിപരമായ പ്രായോഗികത വരുത്തി പ്രസംഗം ആയി അവതരിപ്പിക്കുവാനാണ് നിങ്ങൾ താൽപ്പര്യപ്പെടുന്നതെങ്കിൽ, "നിങ്ങൾ വിചാരപ്പെടേണ്ടാത്തതും-വിചാരപ്പെടേണ്ടതുമായ യുദ്ധം" എന്ന പേർ കൊടുത്തു പ്രസംഗിക്കാം. "അർമ്മഗദോൻ യുദ്ധം" എന്നറിയ-പ്പെടുന്ന യുദ്ധത്തെ കുറിച്ച് ആദ്യ പകുതി സമയവും, അവസാന പകുതി സമയം വ്യക്തികളുടെ ഹൃദയത്തിൽ നടക്കുന്ന യുദ്ധത്തിനായും ചെലവിടാം. വെസ്റ്റും[48] ബാൽഡിഞ്ചറും[49] ഹൃദയത്തിൽ നടക്കുന്ന യുദ്ധത്തെ കുറിച്ച് നല്ല മനോഹരമായ പാഠങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

---

കുറിപ്പുകൾ

[1]തുടർ ചരിത്രസമീപനക്കാർ ഇതിനെ ചരിത്രത്തിൽ നടന്ന മൂന്നു വ്യത്യസ്ത യുദ്ധങ്ങളാണെന്നാണ് വ്യാഖ്യാനിക്കുന്നത്. ഇന്ന് ആ നിലപാട് ചിലർ എടുത്തിരിക്കു

ന്നതിനാൽ, ഞാൻ അതിനെ കൈകാര്യം ചെയ്യുവാൻ മിനക്കെടുന്നില്ല. തുടർചരിത്രസമീപനക്കാരുടെ ബലഹീനത മനസിലാക്കുവാൻ, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "നന്നായി തുടങ്ങുന്നത് പകുതി ചെയ്തതാണ്" എന്ന പാഠം നോക്കുക. [2]"യുദ്ധം ചെയ്യുന്നതിനെ" കുറിച്ച് വെളിപ്പാടിൽ വേറെയും വാക്യങ്ങളിൽ പറയുന്നുണ്ട്, പക്ഷെ ഗ്രീക്ക് വേദപുസ്തകത്തിൽ "യുദ്ധത്തെ" കുറിച്ച് പറയുന്നില്ല. [3]*അയോൺ പോൾമോൻ* എന്ന പ്രയോഗത്തിലെ *അയോൺ*, ഇംഗ്ലീഷിൽ "ദ" എന്നതിനു തുല്യമാണ്. [4]അദ്ധ്യായം 16-ൽ ആദ്യമായി വിവരിച്ചതുപോലെ, അവസാന പാഠമായ "ഏഴാമത്തെ കലശം" എന്നതിലും "യുദ്ധത്തെ" വിവരിക്കുന്നു. [5]"ബിറ്റ് പ്ലെയേഴ്സ്" എന്നുദ്ദേശിക്കുന്നത് നാടകത്തിലെ ചെറിയ ഭാഗം അഭിനയിക്കുന്നവരെയാണ് (പറയുവാനും/ചെയ്യുവാനും കുറച്ചുമാത്രം). മഹാസർപ്പവും, കള്ളപ്രവാചകനും, മൃഗവും, രാജാക്കന്മാരും, തവളകളും, സൈന്യവും വിചാരിച്ചത് അവരുടെ പങ്ക് യുദ്ധത്തിൽ വലുതായിരിക്കുമെന്നാണ്, പക്ഷെ അവർക്കല്ല, *കർത്താവിനായിരുന്നു* നയിക്കുവാനുള്ള വലിയ പങ്ക്. [6]"വരുന്നു" എന്നത് തർജിമക്കാർ കൂട്ടിച്ചേർത്തതാണ്. തവളകളെ ഛർദ്ദിച്ചതാണെന്നാണ് ചില എഴുത്തുകാർ പറയുന്നത്. [7]മഹാസർപ്പത്തിനും മൃഗത്തിനും ഏഴ് തലകളുണ്ടായിരുന്നു, പക്ഷെ ഓരോന്നിനും ഒരു "വായ്" (ഏകവചനം) മാത്രമാണുണ്ടായിരുന്നത്. അത് ഒരു *ദർശനമാ*യിരുന്നു, അക്ഷരികമായി എടുക്കരുത് എന്ന് നമ്മെ ഓർപ്പിക്കുന്നു. [8]അശുദ്ധാത്മാക്കൾ തവളകളായിരുന്നു എന്നല്ല യോഹന്നാൻ പറഞ്ഞത്, തവളകളെ *പോലെ* ആയിരുന്നു എന്നാണ്. ദർശനത്തിൽ ആ ആത്മാക്കൾ തവളകൾക്കു സദൃശമായിരുന്നു എന്നാണ് കരുതുന്നത് (ആകയാൽ നമ്മുടെ ചിത്രീകരണത്തിൽ മൂന്നു തവളകളെ കാണിച്ചിരിക്കുന്നു), എന്നാൽ അങ്ങനെ ആകണമെന്നില്ല. തവളകളെ ഓർപ്പിക്കുന്ന മറ്റെന്തെങ്കിലും സ്വഭാവങ്ങൾ ആ ആത്മാക്കളിൽ യോഹന്നാൻ കണ്ടിരിക്കാം. [9]ലേവ്യാപുസ്തകം 11-ൽ തവളകളെ പ്രത്യേകമായി പറയുന്നില്ല; കരയിൽ കഴിയുന്ന ജന്തുവാണെങ്കിൽ അത് അശുദ്ധമാകാൻ കാരണം, പിളർന്ന കുളമ്പുകളില്ല, ഭക്ഷണം ചവക്കുകയുമില്ല. വെള്ളത്തിലുള്ള ജീവിയാണെങ്കിൽ, ചിറകുകളും ചിതമ്പലും ഇല്ലാത്തതുകൊണ്ടു  അശുദ്ധ ജന്തുവായി പരിഗണിക്കാം. [10]മറ്റു വ്യാഖ്യാതാക്കൾ തവളകളുടെ നികൃഷ്ടസ്വഭാവത്തിനാണ് ഊന്നൽ കോടുക്കുന്നത്. ഇന്നും തവളയെ ഒരു നിന്ദ്യജീവിയായിട്ടാണ് ലോകത്തിലെ ആളുകൾ കണക്കാക്കുന്നത്. തവളകൾ (അസാധാരണമായി) കരയിലും വെള്ളത്തി*ലും* ജീവിക്കുന്ന ജന്തുവായതുകൊണ്ട് മൃഗത്തെ പ്രതിനിധീകരിക്കുവാൻ യോജിച്ചതാണെന്ന് ചില എഴുത്തുകാർ കരുതുന്നു.

[11]അമേരിക്കൻ സൈന്യത്തിന്റെ പരിശീലന സൗകര്യമാണ് വെസ്റ്റ് പോയിന്റ്. അതിന് പകരം നിങ്ങളുടെ രാജ്യത്തെ സൗകര്യത്തെ പറയാം. [12]അമേരിക്കയിലെ പ്രസിദ്ധ തവളകൊണ്ടുള്ള പപ്പെറ്റ് ആണ് കെർമിറ്റ്, അത് കുട്ടികൾക്കുള്ള വിദ്യാഭ്യാസപരമായ വിനോദ പരിപാടിയായ "മപ്പെറ്റ് ഷോ" യുടെ ഭാഗമാണ്. അതിന് പകരം നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ളത് പറയാം. [13]അതെ, തവളയെ ദൈവം സൃഷ്ടിച്ചത് ഒരുദ്ദേശത്തോടെയാണെന്നും ലോകത്തിൽ അതിന് ചെയ്യുവാനുള്ള കാര്യമുണ്ടെന്നും എനിക്ക് അറിയാം. കൂടാതെ തവളക്കാലുകൾ മനുഷ്യർ തിന്നുണ്ടെന്നും, അത് പ്രകൃതിയിലെ ആഹാരങ്ങളുടെ ഭാഗമാണെന്നും, ചില തവളകളുടെ വിഷം ഉപകാരപ്രദമാണെന്നും, അവയെ ഗവേഷണത്തിന് ഉപയോഗിക്കുന്നുണ്ടെന്നും എനിക്ക് അറിയാം. എന്റെ പോയിന്റിന് വേണ്ടിയാണ് ഞാൻ അതിശയോക്തിപരമായി പറഞ്ഞത്. [14]ഭൂതങ്ങൾ ആത്മാക്ക*ളാകയാൽ*, "ഭൂതാത്മാക്കളാണ്" *ശരിയായ* തർജിമ എന്നു ചിലർ പറയുന്നു, ഫിലിപ്സ് ട്രാൻസിലേഷൻ (ഐ. ബി. ഫിലിപ്സ്, ദ ന്യൂടെസ്റ്റമെന്റ് ഇൻ മോഡേൺ ഇംഗ്ലീഷ് *ഹാസ് "ഡയാബോളിക് സ്പിരിട്സ്"*)

എന്നാണ്. [15]ഈ പുസ്തകത്തിൽ നേരത്തെ വന്ന "മഹാ വഞ്ചകൻ" എന്ന പാഠത്തിലെ 13:13–15 ന്റെ പരാമർശം നോക്കുക. [16]ലോകത്തിലെ മറ്റു രാജാക്കന്മാരിൽ റോമിനു ചെലുത്തുവാൻ കഴിയുന്ന വലിയ സ്വാധീനത്തെയാണ് അദ്ധ്യായം 17-ൽ പറയുന്നത്. (17:2, 12, 13). [17]ഡി. ടി. നൈൽസ്, *ആസ് സീയിങ്ങ് ദ ഇൻവിസിബിൾ: എ സ്റ്റഡി ഓഫ് ദ ബുക്ക് ഓഫ് റെവലേഷൻ* (ന്യുയോർക്ക്: ഹാർപർ & ബ്രദേഴ്സ്, 1961), 85. [18]ലിയോൺ മോറിസ്, *റെവലേഷൻ*, റെവ. എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 192–93. (എംഫസിസ് ഹിസ്.) [19]ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവലേഷൻ, ലുക്കിങ്ങ് ഇൻടു ദ ബൈബിൾ സീരീസ്* (ലബ്ബക്ക് ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 242. [20]കഴിഞ്ഞ പാഠത്തോടുകൂടെയല്ലാതെ ഈ പാഠം ഒരു പ്രസംഗമായി അവതരിപ്പിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, വാക്യം 15 കൂടെ നിങ്ങൾക്ക് പരാമർശിക്കാം. ഞാൻ അത് ചുരുക്കമായി കഴിഞ്ഞ പാഠത്തിൽ വിവരിച്ചിരിക്കുന്നു. തയ്യാറാക്കിയ യുദ്ധപദ്ധതികൾ പരാജയപ്പെട്ടുവെന്നു ആ വാക്യവും പറയുന്നു.

[21]"മൃദുവായ ശ്വാസം" എന്നതിനുള്ള ചിഹ്നം അപ്പോസ്ട്രോഫി പോലെയാണ്, "പരുഷമായ ശ്വസിക്കൽ" എന്നതിനുള്ള ചിഹ്നം അപ്പോസ്ട്രോഫി തിരിച്ചിടുന്നതു പോലെയുമാണ്. [22]രണ്ടിന്റേയും ഉച്ചാരണത്തെ സംബന്ധിച്ചും അർമ്മഗദോൻ എന്ന വാക്കിന്റെ അർത്ഥത്തെ സംബന്ധിച്ചും വെളിപ്പാടിൽ ഒരിക്കലല്ലാതെ തിരുവെഴുത്തിൽ മറ്റൊരുഭാഗത്തും അത് പറയുന്നില്ല എന്നതാണ് പ്രശ്നം. 23"മെഗിദോയുടെ" ശരിയായ അർത്ഥം വിവാദത്തിലാണ്. ചിലർ അതിന്റെ അർത്ഥം "സംഘങ്ങളുടെ സ്ഥലം," "മകളുടെ സ്ഥലം" എന്നാണെന്ന് കരുതുന്നു. [24]ജോൺ ഡി. ഡേവിസ്, *എ ഡിക്ഷ്ണറി ഓഫ് ബൈബിൾ* 4 ത്ത് റെവ. എഡി., (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1956), 489. [25]പേർ പറയാത്ത ചരിത്രകാരനെ ഉദ്ധരിച്ചത്, ആൽബർട്ട് എച്ച്. ബാൽഡിഞ്ചർ, *പ്രീച്ചിങ്ങ് ഫ്രം റെവലേഷൻ: ടൈമിലി മെസേജസ് ഫോർ ട്രബിൾഡ് ഹാർട്ട്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1960), 91. ബൈബിളിൽ പറഞ്ഞിട്ടുള്ളതിനുപുറമെ പല പ്രധാനപ്പെട്ട യുദ്ധങ്ങളും (നെപ്പോളിയൻ ബോണപ്പാർട്ടിന്റേതടക്കം) മെഗിദോയിൽ നടന്നിട്ടുണ്ട്, അവ വേദഭാഗത്തിന് യോജിക്കാത്തതുകൊണ്ട് അവയെ കുറിച്ച് പറഞ്ഞിട്ടില്ല. [26]ഹെന്റി ബി. സ്വെറ്റ്, *ദ അപോകാലിപ്സ് ഓഫ് സെന്റ്. ജോൺ* (കെയിംബ്രിഡ്ജ്: മാക്മില്ലൻ കമ്പനി., 1908, റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങി കമ്പനി., എൻ. ഡി.), 209. [27]ബാൽഡിഞ്ചർ, 90. [28]ഹോമർ ഹെയ്‌ലി, *റെവലേഷൻ: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 336. [29]മെഗിദോ ടൗൺ അതിന്റെ പേർ ചേർന്നുള്ള സമതലത്തിന് ഉപയോഗിക്കുവാൻ കൊടുത്തിരുന്നു. [30]ജോർജ് എൽഡൻ ലാഡ്, *ഏ കമെന്ററി ഓൺ ദ റെവലേഷൻ ഓഫ് ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1972), 216.

[31]റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ,* ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 301. [32]മോറിസ്, 193. [33]ജി ആർ. ബീസ്ലേ-മുറേ, *ദ ബുക്ക് ഓഫ് റെവലേഷൻ,* ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1974), 245. [34]എം. റോബർട്ട് മുതോളന്റ് ജൂനിയർ., റെ*വലേഷൻ: ഹോളി*

*ലിവിങ് ഇൻ ആൻ അൺഹോളി വേൾഡ്*, ഫ്രാൻസിസ് ആസ്ബറി പ്രസ് കമെന്ററി ജെന. എഡി., എം. റോബർട്ട് മുതോളന്റ് ജൂനിയർ., (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്രാൻസിസ് ആസ്ബറി പ്രസ്, 1990), 271. [35]അവസാന പാഠത്തിലെ, "പിണയലിന്റെ" കുറിപ്പുകൾ നോക്കുക. [36]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ റെവലേഷൻ* (ആസ്റ്റിൻ ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1979), 376. [37]ജെയിംസ് എം. എഫേർഡ്, *റെവലേഷൻ ഫോർ ടുഡേ* (നാഷിലേ: അബിങ്ടൺ പ്രസ്, 1989), 101. [38]വെളിപ്പാടിൽ "യുദ്ധം" എന്ന വാക്ക് പറയുകയും "യുദ്ധമില്ല" എന്ന് പറയുകയും ചെയ്യുമ്പോൾ നിങ്ങളുടെ ശ്രോതാക്കൾക്ക് തെറ്റിദ്ധാരണയുണ്ടായേക്കാം. ദുഷ്ടശക്തികൾ ഒന്നിച്ചു "യുദ്ധം" ചെയ്യുവാൻ *ഉദ്ദേശിച്ചെങ്കിലും*, ഒരിക്കലും അത് സംഭവിച്ചില്ല എന്നതാണ് പോയിന്റ്. സ്ക്കുളിൽ വെച്ച് ഒഴിവു സമയങ്ങളിൽ ആൺകുട്ടികൾ തമ്മിൽ മൽപിടുത്തത്തിന് ഒരുങ്ങും, പക്ഷെ അദ്ധ്യാപകൻ ഇടക്ക് വന്ന് അവരെ മാറ്റി വിടുന്നതുനിമിത്തം പോരാട്ടം ഒഴിവാകും. അതുപോലെ ഇവിടെയും യഥാർത്ഥ യുദ്ധം നടന്നില്ല. [39]ഹെയിലി, 336–37. [40]കോഫ്മാൻ, 376.

[41]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷിലേ.: ബ്രോഡ്മാൻ പ്രസ്, 1951), 189. [42]റബൽ ഷെല്ലി, *ദ ലാമ്പ് ആന്റ് ഹിസ് എനിമീസ്: അണ്ടർസ്റ്റാന്റിങ്ങ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷിലേ: 20ത് സെഞ്ചുറി ക്രിസ്റ്റ്യൻ ഫൗണ്ടേഷൻ, 1983), 98. [43]*നമ്മുടെ* ശത്രുക്കളെ കർത്താവ് പരാജയപ്പെടുത്തുമെന്നും അദ്ധ്യായം 16 ഉറപ്പിക്കുന്നു. [44]"അർമ്മഗദോൻ" എല്ലാ വ്യക്തികളും നേരിടുന്ന ആത്മിയ യുദ്ധമാണെന്ന് ചില എഴുത്തുകാർ പറയുന്നു. അവരുടെ ഉദ്ദേശം: (1) പാലസ്തീനിൽ അർമ്മഗദോൻ എന്ന ഒരു യുദ്ധം നടന്നിട്ടില്ല എന്ന് കാണിക്കുക; (2) കാര്യമായെടുക്കേണ്ടത്, ഭൗതികയുദ്ധമല്ല, ആത്മികമാണ്; (3) വ്യക്തിപരമായ പ്രായോഗികത വരുത്തുക. എന്നിരുന്നാലും, "അർമ്മഗദോനെ" കുറിച്ചുള്ള നമ്മുടെ പ്രതിസന്ധി പ്രശ്നമായിത്തന്നെയിരിക്കും, ഞാൻ അതു വരുത്തുന്നില്ല. ചിലർ അവരുടെ വാക്കുകൾ "നിങ്ങളുടെ വ്യക്തിഗത അർമ്മഗദോൻ" എന്നും "മിനി-അർമ്മഗദോൻസ്" എന്നും പറയുന്നു. നിങ്ങൾക്ക് നിങ്ങളുടെ അഭിപ്രായം സ്വീകരിക്കാം. [45]ഓവൻ എൽ. ക്രൗച്ച്, *എക്സ്പോസിറ്ററി പ്രീച്ചിങ്ങ് ആന്റ് ടീച്ചിങ്ങ് റെവലേഷൻ* (ജോപ്ലിൻ, മോ.: കോളേജ് പ്രസ് പബ്ലിഷിങ്ങ് കമ്പനി., 1985), 287. [46]ഡബ്ലിയുബി. വെസ്റ്റ് ജൂനിയർ., *റെവലേഷൻ ത്രൂ ഫസ്റ്റ്-സെഞ്ചുറി ഗ്ലാസസ്,* എഡി. ബോബ് പ്രിച്ചാർഡ് (നാഷിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1997), 110. [47]ഇത് ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, ശ്രോതാക്കളോട് ദൈവത്തോടുള്ള അവരുടെ ബന്ധം ശരിയാക്കുവാൻ പറയണം, അങ്ങനെ അവർക്ക് ദൈവസഹായത്തോടെ വിജയം കൈവരിക്കുവാൻ കഴിയും. "ദൈവത്തോട് അടുക്കുവാൻ" ശ്രോതാക്കളെ പ്രോൽസാഹിപ്പിക്കുക (യാക്കൊബ് 4:8) അങ്ങനെ അവൻ അവരെ അനുഗ്രഹിക്കും. ക്രിസ്തുവിനോട് ചേരുവാൻ സ്നാനപ്പെടാത്തവർ അങ്ങനെ ചെയ്യണം (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:36–38; ഗലാത്യർ 3:26, 27). പിന്മാറിപ്പോയ ക്രിസ്ത്യാനികൾ യഥാസ്ഥാനപ്പെട്ട് കർത്താവിലേക്കും അവന്റെ സഭയിലേക്കും വരണം (പ്രവൃത്തികൾ 8:22; ഗലാത്യർ 6:1; യാക്കൊബ് 5:16). [48]വെസ്റ്റ്, 110–13. [49]ബാൽഡിഞ്ചർ, 92–94.

---

### ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. വെളിപ്പാടിൽ എത്ര "യുദ്ധ" വിവരങ്ങളുണ്ട്? അത്തരം എത്ര "യുദ്ധം" പുസ്തകത്തിൽ വിവരിക്കുന്നു?
2. "തവളയെപോലെ" എന്ന് അശുദ്ധാത്മാക്കളെ കുറിച്ച് പറയുവാൻ

കാരണം എന്താണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? (നിങ്ങൾക്ക് തവളയെ ഇഷ്ടമാണോ?)

3. തവളകൾ ദേശങ്ങളെ യുദ്ധത്തിനായി കൂട്ടിച്ചേർക്കുന്നു (അതായത്, യുദ്ധം), വാസ്തവത്തിൽ അത് ആരുടെ യുദ്ധമായിരുന്നു? ആരുടെ വാക്കുകളിലായിരുന്നു അവ പോരാടേണ്ടിയിരുന്നത്?
4. എന്തുകൊണ്ടാണ് ചിലർ "അർമ്മഗദോൻ എന്നും മറ്റുള്ളവർ "ഹർ-മ്മഗദോൻ" എന്നും തർജ്ജിമ ചെയ്തത്?
5. "ഹർ-മ്മഗദോൻ" എന്നതിന്റെ സാധ്യതയുള്ള അർത്ഥമെന്ത്?
6. നിങ്ങൾക്ക് ഭൂപടത്തിൽ "മെഗിദോൻ പർവ്വതം" കാണുവാൻ കഴിയുമോ?
7. മെഗിദോ അറിയപ്പെട്ടത് എന്തിനാണ്? സാത്താന്റെ സൈന്യം ഒത്തുചേർന്ന സ്ഥലത്തെ തിരിച്ചറിയുവാൻ "മെഗിദോ പർവ്വതം" ഉപയോഗിച്ചത് എന്തിനാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?
8. ഒരിക്കൽ സൈന്യമെല്ലാം ഒത്തുചേർന്നപ്പോൾ എന്തു സംഭവിച്ചു?വാസ്തവത്തിൽ ഒരു യുദ്ധം നടന്നതായി അദ്ധ്യായം 16 പറയുന്നുണ്ടോ? അദ്ധ്യായം 19 ഓ 20 ഓ പറയുന്നുണ്ടോ?
9. പാലസ്തീനിൽ വെച്ച് ഭാവിയിൽ മനുഷ്യർ തമ്മിൽ ഒരു ഭൗതിക യുദ്ധം നടക്കുമെന്ന് ബൈബിളിലുണ്ടോ?
10. നാം വിചാരപ്പെടേണ്ട യുദ്ധം ഏതാണ്?



തവളയെപോലെയുള്ള മൂന്ന് അശുദ്ധാത്മാക്കൾ (16:13, 14)